# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2463

09.12.2014-ൽ മറുപടിയ്ക്ക്

## മാവൂരിലെ ഗ്രാസിം വക സ്ഥലം ഏറ്റെടുക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.റ്റി.എ.റഹീം | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) മാവൂരിലെ ഗ്രാസിം വക സ്ഥലം ഏറ്റെടുക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; | എ) ഇപ്പോൾ പരിഗണനയിലില്ല. |
| ബി) ഇതു സംബന്ധിച്ച് കോഴിക്കോട് ജില്ലയിലെ എം.എൽ.എ മാർ ഒപ്പിട്ട നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | ബി) ഉണ്ട്. ഗ്രാസിം ഇൻഡസ്ട്രീസ് പ്രവർത്തിച്ചിരുന്ന ഭൂമി ഉപയോഗപ്പെടുത്തി ഒരു ഐ.ടി.പാർക്ക്, വിദ്യാഭ്യാസ സ്ഥാപനം, വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ആയുർവേദ യൂണിവേഴ്സിറ്റി എന്നിവ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ആദിത്യ ബിർള ഗ്രൂപ്പ് സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ 2005 മുതൽ തുടർച്ചയായി ആവശ്യപ്പെട്ടിട്ടും ഇതുസംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ കമ്പനിയുടെ കൈവശമുള്ള ഭൂമി തിരിച്ചെടുത്ത് ഇവിടെ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി കിൻഫ്രയ്ക്ക് കൈമാറുവാൻ 27.08.13 ൽ കൂടിയ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ഇതനുസരിച്ച് ഭൂമി തിരിച്ചെടുക്കുന്നതിന് സർക്കാർ നൽകിയ ഉത്തരവിനെതിരെ കമ്പനി ബഹു.ഹൈക്കോടതിയിൽ നിന്നും നേടിയ സ്റ്റേ ഓർഡർ നീക്കിക്കിട്ടുന്നതിന് നടപടി സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുശേഷം, ഒക്ടോബർ 2014-ൽ, മാവൂരിൽ ഒരു Hi-Tech Industrial Services Township സ്ഥാപിക്കുന്നതിനുള്ള സാധ്യതാ റിപ്പോർട്ട് കമ്പനി സർക്കാരിന് സമർപ്പിച്ചു. ഇതു സംബന്ധിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കിൻഫ്ര മാനേജിംഗ് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ